**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനം ഹയർ സെക്കന്ററിയിൽ കൂടി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==================================================================================

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ (കൈ.) നം.14/14/പൊ.വി** **തീയതി, തിരുവനന്തപുരം 15/01/2014**

==================================================================================

പരാമർശം: (1) ദി കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറിയുടെ 03/05/2012- ലെ ഇ- 11048/കെ.എസ്.ബി എസ് ആന്റ് ജി/2012 നമ്പർ കത്ത്.

(2) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 01/06/2012 - ലെ സി.ജി ആന്റ് എ.സി 15463/2012 നമ്പർ കത്ത്.

(3) എസ്.സി.ഇ .ആർ.ടി ഡയറക്ടറുടെ 26/07/2013 - ലെ പ്രോഗ്രാം 2/1494/2013/ എസ്.സി ഇ ആർ ടി നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ഇപ്പോൾ പത്താം ക്ലാസ് വരെ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും അതിനാൽ സ്കൗട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിനാവശ്യമായ ഉത്തരവുണ്ടാകണമെന്നും പരാമർശം ഒന്നിലെ കത്തിലൂടെ ദി കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) ഹയർ സെക്കന്ററി സ്കൂളുകളിലെ കൗമാരക്കാരായ വിദ്യാർത്ഥികളിൽ ഉത്തമ പൗരബോധവും ജാതി- മത - വർഗ്ഗ - ഭാഷാ വ്യത്യാസങ്ങൾക്ക് അതീതമായ സമ്പൂർണ്ണ വ്യക്തിത്വ വികാസവും സൃഷ്ടിക്കുവാനും, സമൂഹ നന്മയെ ലക്ഷ്യമാക്കി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുവാൻ കുട്ടികളെ സജ്ജമാക്കുന്ന, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനം ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കണമെന്ന പരാമർശം (1)-ലെ നിർദ്ദേശം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (2)-ലെ കത്തിലൂടെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2)- ലെ കത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൂടി പരിഗണിച്ച് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനം ഹയർ സെക്കന്ററിയിൽ വ്യപിപ്പിക്കാമെന്ന് പരാമർശം (3)- ലെ കത്തിലൂടെ എസ്.സി.ഇ.ആർ.ടി ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആൻറ് ഗൈഡ്സിന്റെ പ്രവർത്തനം ഹയർ സെക്കന്ററി കോഴ്സിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടു കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഹയർ സെക്കന്ററി സ്കൂളുകളിൽ ആരംഭിക്കുന്ന കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ യൂണിറ്റുകൾ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ നോട്ടത്തിലും നിരീക്ഷണത്തിലുമായിരിക്കും.

(ii) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ അനുവാദത്തോടെ മാത്രമെ ഹയർ സെക്കന്ററി വിഭാഗത്തിൽ ടി യൂണിറ്റുകൾ ആരംഭിക്കുവാൻ പാടുള്ളൂ.

(iii) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സമിതി ടി യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന തരത്തിലും ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിലുമായിരിക്കണം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.

(iv) ടി യൂണിറ്റുകളുടെ രൂപീകരണവും പ്രവർത്തനവും വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാൻ പാടില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എം.തോമസ്,**

**ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
സ്റ്റേറ്റ് സെക്രട്ടറി, ദി കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് , വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി. ഇ. ആർ . ടി, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (പ്രചരണത്തിനായി)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുവാനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ